**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4291** **18-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ്പ് പ്രോത്സാഹന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ട് അപ്പ് പ്രോത്സാഹന നയം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 2017 ൽ സർക്കാർ പ്രഖ്യാപിച്ച ഐ ടി നയത്തിന്റെ അനുബന്ധമായി സബ് പോളിസി 7-ടെക്നോളജി ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് നയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കാൻ കേരള ബാങ്ക്, കെ.എസ്.എഫ്.ഡി.സി., കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങൾ സംയുക്തമായി 250 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ആരംഭിച്ചിട്ടുണ്ടോ; | (ബി) | KIIFB യുടെ കീഴിലുള്ള KIFML എന്ന കമ്പനി കേരളത്തിന് KSFDC, KSFE, KFC തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ VC ഫണ്ട് തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്ന വായ്പയിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; | (സി) | ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീമിന്റെ ഭാഗമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന വായ്പയുടെ പലിശയിന്മേൽ കേരള സ്റ്റാർട്ടപ്പ് മിഷൻ KFCക്ക് 2% പലിശയിളവ് നൽകിവരുന്നു. |
| (ഡി) | സ്റ്റാർട്ട് അപ്പുകൾക്ക് വർക്ക് ഓർഡറിന്റെ ഈടിൽ ഉദാരമായി വായ്പ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുമെന്ന പ്രഖ്യാപനം പ്രസ്തുത നയവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിട്ടുണ്ടോ? | (ഡി) | ഉണ്ട്. വനിതാ സംരംഭകർക്കായി കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വളർച്ച ഘട്ടത്തിലൂടെ കടന്നു പോകുന്ന സ്റ്റാർട്ടപ്പുകൾക്ക് ലളിതമായ ഈടിന്മേൽ 100.00 ലക്ഷം രൂപ വരെ സ്കെയിൽ അപ്പ് ലോൺ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ